

മേയ് - 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം

ആഗോള തൊഴിലാളി ദിനമാണല്ലോ മെയ് 1. സാധാരണ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടുന്ന ദിനമായി ഈ ദിവസത്തെ നമുക്ക് കരുതാം. ആധിപത്യത്തിന്റെ ശ്രേണി ബദ്ധതയിലല്ല പ്രത്യുത സ്നേഹത്തിലും കരുതലിലുമാണ് മനുഷ്യ പ്രവൃത്തികളുടെ പൂർണ്ണ സാദ്ധ്യതകൾ വെളിവാകുന്നത് എന്ന തിരിച്ചറിവുണ്ടാകുമ്പോൾ മാത്രമേ സാധാരണ തൊഴിലാളികളെ അംഗീകരിക്കുവാനും കരുതുവാനും ഏവർക്കും കഴിയുകയുള്ളു. പൊരുതി നേടിയ തൊഴിലാളി അവകാശങ്ങൾ നിലനിർത്തുന്നതിനോടൊപ്പം തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധ്യങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങൾ ഗൗരവത്തിൽ എടുക്കണം.

പട്ടക്കാരുടെ സ്ഥലമാറ്റം മേയ് 1 മുതൽ നിലവിൽ വരികയാണല്ലോ. പട്ടക്കാരുടെ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. കർമ്മ മേഖലകളിൽ ദൈവകൃപയിൽ ശരണപ്പെട്ടും പൊതു സമൂഹത്തിന്റെ നന്മയ്ക്കായും പ്രവർത്തിക്കുവാൻ നമ്മുടെ എല്ലാ പട്ടക്കാർക്കും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കാം. ഈ വർഷം പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിച്ച നവ വൈദീകർക്ക് മേയ് 15 മുതൽ ചുമതലകൾ നല്കി നിയോഗിച്ചുവരുന്നു. അവർക്ക് വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. വർദ്ധിച്ച് വരുന്ന ജീവിത ചെലവുകൾ കണക്കാക്കി ഏകദേശം 6 വർഷങ്ങൾക്ക് ശേഷം ഇപ്പോൾ വൈദീകരുടെ ശമ്പളം കാലോചിതമായി വർദ്ധിപ്പിക്കുവാൻ എപ്പിസ്ക്കോപ്പൽ സിനഡ് നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ സർക്കുലർ കല്പന മൂലം താമസംവിനാ ഏവരേയും അറിയിക്കുന്നതാണ്. ഇടവകകളുടെയും സ്ഥാപനങ്ങളുടെയും തികഞ്ഞ സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം തൃശൂർ എബനേസർ മാർത്തോമ്മാ പള്ളിയിൽ വെച്ച് ഏപ്രിൽ മാസം 4-ാം തീയതി നടത്തപ്പെട്ടു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ആദരണീയനായ അത്യുന്നത കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി തിരുമേനി മുഖ്യാതിഥിയായി സംബന്ധിക്കുകയും അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്തു. അതോടൊപ്പം അഭിവന്ദ്യ ഡോ. മാർ അപ്രേം മെത്രാപ്പോലീത്താ തിരുമേനി, പത്മശ്രീ ഡോ. ശോശാമ്മാ ഐപ്പ് എന്നിവരെ അനുമോദിച്ചു. മീറ്റിംഗിന്റെ സുഗമമായ നടത്തിപ്പിന് ക്രമീകരണം ചെയ്ത തൃശൂർ എബനേസർ മാർത്തോമ്മാ ഇടവകയോടുള്ള സന്തോഷം അറിയിക്കുന്നു. ഇടവക വികാരിയെയും ചുമതലക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഏപ്രിൽ മാസം 8 മുതൽ 17 വരെ കുവൈറ്റിലുള്ള 7 ഇടവകകളും സന്ദർശിക്കുന്നതിനും വിശുദ്ധവാര ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നതിനും സാധിച്ചു. അവിടേക്ക് നിയോഗിതരാകുന്ന പട്ടക്കാർക്ക് വിസ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ബന്ധപ്പെട്ട അധികാരികളെയും നാഷണൽ ഇവാഞ്ചലിക്കൽ ചർച്ച് ഇൻ കുവൈറ്റിന്റെ (NECK) ചുതമലക്കാരെയും സന്ദർശിക്കുന്നതിനും സഭയുടെ ആവശ്യം അറിയിക്കുന്നതിനും കഴിഞ്ഞു. എത്രയും വേഗം വിസ ലഭിച്ച് നമ്മുടെ വൈദികർ നിയോഗസ്ഥാനങ്ങളിൽ ചെന്ന്ചേർന്ന് ശുശ്രൂഷകൾ നിർവ്വഹിക്കുവാൻ ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കോവിഡിന്റെ തീവ്രവ്യപാനത്തിന് ശമനം വന്നുകൊണ്ടിക്കുന്നു എന്നത് ഏവർക്കും ആശ്വാസകരമാണ്. മഹാമാരി വരുത്തിയ നവ സാമാന്യത ആദ്ധ്യാത്മികരംഗത്തും സമൂലമായ പരിവർത്തനങ്ങൾ വരുത്തി. അതിലൊന്നായിരുന്നു ഓൺലൈൻ ആരാധന. പലകാരണങ്ങളാൽ പള്ളിയിൽ വന്ന് ആരാധിക്കുന്നതിനോ മറ്റ് ആദ്ധ്യാത്മിക കൂട്ടായ്മകളിൽ സംബന്ധിക്കുന്നതിനോ നാളുകളായി സാധിക്കാതിരുന്നവർക്ക് ഇതൊരു പുത്തൻ സാധ്യതയാണ് തുറന്ന് നല്കിയത്. എന്നാൽ ഇപ്പോൾ പഴയ രീതികളിലേക്ക് നമ്മുടെ ആരാധനയും കൂട്ടായ്മകളും മാറിക്കൊണ്ടിരിക്കുന്നു. പൊടുന്നനെ ഓൺലൈൻ സംവിധാനങ്ങൾ അവസാനിപ്പിക്കരുത്. നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വാർദ്ധക്യം ഉൾപ്പടെയുള്ള വിവിധ ശാരീരിക വെല്ലുവിളി അനുഭവിക്കുന്നവരെയും നമ്മുടെ കൂട്ടായ്മയിലുൾപ്പെടുത്തത്തക്കവിധം ലൈവ് സംപ്രേക്ഷണം കഴിവുള്ളിടത്തോളം നല്കുന്നത് അഭികാമ്യമാണ്.

വേനൽ മഴയിൽ കേരളത്തിൽ വിവിധ ജില്ലകളുടെ കാർഷിക മേഖലയിൽ വൻ നാശനഷ്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്. കൊടുങ്കാറ്റിലും വെള്ളക്കെട്ടിലുമകപ്പെട്ട് കർഷകരുടെ കാർഷിക വിളകൾ നശിച്ചു. കൊയ്യാൻ പാകമായ നെൽച്ചെടികളാണ് പാടശേഖരങ്ങളിൽ വീണുകിടക്കുന്നത്. മാസങ്ങൾക്ക് മുമ്പ് മടവീണും പാടം കവിഞ്ഞുമുണ്ടായ കൃഷിനാശങ്ങൾക്ക് പുറമെയാണ് കർഷകർക്കുള്ള പുതിയ നഷ്ടം. കാലാവസ്ഥാവ്യതിയാനം മൂലം കാലം തെറ്റി പെയ്യുന്ന മഴ കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ബാങ്ക് വായ്പയും മറ്റുമെടുത്ത് കൃഷിയിറക്കുന്ന ചെറുകിട കർഷകർ കൃഷി നാശം മൂലം വായ്പ തിരിച്ചടക്കാനാകാതെ കടക്കെണിയിലായിരിക്കുന്നു. നിരണം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കർഷകർ ആത്മഹത്യ ചെയ്തത് അധികൃതർ ഗൗരവമായി കാണേണ്ടതാണ്. ഈ പശ്ചാത്തലത്തിൽ കഴിയുമെങ്കിൽ കാർഷിക വായ്പകൾ എഴുതിതള്ളി കർഷകരെ സഹായിക്കണമെന്ന ആവശ്യവും അധികൃതർ അനുഭാവപൂർവ്വം പരിഗണിക്കേണ്ടതാണ്.

പാലക്കാട് ജില്ലയിൽ അടുത്തയിടെ നടന്ന അക്രമസംഭവങ്ങൾ ഏറെ ഉത്ക്കണ്ഠ ഉളവാക്കുന്നവയാണ്. ഇരുപത്തിനാല് മണിക്കൂറുകൾക്കുള്ളിൽ രണ്ട് ജീവനുകളാണ് അവിടെ പൊലിഞ്ഞത്. ഈ ക്രൂര കൃത്യങ്ങളുടെ കാരണങ്ങളെപ്പറ്റി പോലീസും മറ്റു കുറ്റാന്വേഷണ സംഘങ്ങളും അന്വേഷിക്കുന്നുണ്ട്. എന്നാൽ പ്രബുദ്ധ സംസ്ഥാനമെന്നു നാം അഭിമാനിക്കുന്ന കേരളത്തിൽ അടിക്കടി ഉണ്ടാകുന്ന ഇത്തരം നീചമായ നരഹത്യകൾ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. നമ്മുടെ സമൂഹത്തിൽ സമാധാനം പുലരുവാൻ വ്യക്തികളായും കൂട്ടങ്ങളായും പ്രാർത്ഥിക്കണം. ഉത്സവങ്ങളും പെരുന്നാളുകളും ഏതു മതസമൂഹത്തിലും ഒരുമയുടെയും സാഹോദര്യത്തിന്റെയും സന്ദേശം നൽകുന്ന ഒന്നാണ്. എന്നാൽ ഇന്നത് മതസമൂഹങ്ങളുടെ ശക്തിപ്രകടനകളായും മതങ്ങളുടെ വ്യതിരിക്തസ്വത്വം പ്രകടിപ്പിക്കുന്ന ഇടങ്ങളായും മാറുന്ന കാഴ്ച ഏറെ സങ്കടകരമാണ്. ഈ അടുത്ത കാലത്ത് ഡൽഹിയിലെ ജഹാൻഗീർപുരി പോലെയുള്ള സ്ഥലങ്ങളിൽ നടന്ന ചില സംഘർഷങ്ങൾ ഗൗരവത്തിൽ എടുക്കേണ്ടവയാണ്. കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകൾ ജനസമൂഹങ്ങളെ വിശ്വാസത്തിൽ എടുക്കുകയും അവരിൽ വിശ്വാസം വർദ്ധിക്കത്തക്ക തരത്തിൽ ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്രമങ്ങളിലാണ് തങ്ങൾ ആശ്രയിക്കുന്നത് എന്നത് തങ്ങളുടെ പ്രവൃത്തികളിലൂടെ തെളിയിക്കുകയും വേണം. പരസ്പര വിശ്വാസത്തിലും സഹകരണത്തിലും മാത്രമേ വൈവിധ്യങ്ങൾ ഏറെയുള്ള ഇന്ത്യ പോലെയുള്ള ഒരുരാജ്യം നിലനിൽക്കുകയുള്ളൂ എന്ന സത്യം എല്ലാവരും മനസ്സിലാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നു.

ഭാരതത്തിന്റെ പല അയൽ രാജ്യങ്ങളും പ്രതിസന്ധിഘട്ടങ്ങളിൽ കൂടെയാണ് കടന്നുപോകുന്നത്. സാമ്പത്തിക മാന്ദ്യവും വിലക്കയറ്റവും രൂക്ഷമായ ശ്രീലങ്ക രാഷ്ട്രീയ അനിശ്ചിതാവസ്ഥയിലാണ്. ജനാധിപത്യ ഭരണ സംവിധാനത്തിന് തുടർച്ച നിലനിന്നിരുന്ന ആ രാജ്യത്തുണ്ടായ അരക്ഷിതാവസ്ഥ കൂടുതൽ ഉത്ക്കണ്ഠ ഉളവാക്കുന്നതാണ്. പാക്കിസ്ഥാനും ശക്തമായ വെല്ലുവിളികൾ ഇന്ന് നേരിടുന്നുണ്ട്. ആ രാജ്യത്ത് ഭരണസുസ്ഥിരത ഉണ്ടാകേണ്ടത് അയൽക്കാരായ ഇന്ത്യക്കാരുടെയും ആവശ്യമാണ്. രാഷ്ട്രീയ അരാജകത്വങ്ങളുടെ മദ്ധ്യത്തിൽ, ഒരു കൂട്ടം ഭരണാധികാരികൾ അധികാരത്തിൽ വരുന്നു, ഒരു ഹ്രസ്വകാലത്തിനിടയിൽ അവർ മാറി മറ്റൊരു കൂട്ടർ വരുന്നു എന്ന നിലയാണ് ഇപ്പോഴത്തെ സംവിധാനങ്ങൾ. ഈ രാഷ്ട്രീയ ചൂതാട്ടങ്ങളുടെ മദ്ധ്യത്തിലും ആ രാജ്യത്തെ ജനതയുടെ ജീവൽ പ്രശ്നങ്ങൾ അവഗണിക്കപ്പെടുന്നു. ജനങ്ങളോട് പ്രതിബദ്ധതയുള്ള, പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന, ഭരണസ്ഥിരതയുള്ള ഒരു അധികാരക്രമം നിലവിൽ വരുവാൻ അവിടങ്ങളിൽ നടക്കുന്ന എല്ലാ ശ്രമങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കാം.

ആഫ്രിക്കൻ മെതഡിസ്റ്റ് എപ്പിസ്കോപ്പൽ സഭയുടെ ബിഷപ്പായ വഷ്തി മർഫിമക്കെൻസി അമേരിക്കയിലെ

സഭകളുടെ ദേശീയ കൗൺസിൽ (NCCCUSA) അദ്ധ്യക്ഷയായി തെരഞ്ഞെടുക്കപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ആദ്യമായാണ് ആഫ്രിക്കൻ വംശജയായ ഒരു വനിത NCCയുടെ പരമോന്നത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. മാർത്തോമ്മാ സഭ അമേരിക്കൻ NCCയുടെ സജീവ അംഗമാണ് എന്നതും നമ്മുടെ ഡോ. ഐസക്ക് മാർ ഫിലക്സിനോസ് തിരുമേനി NCC ഗവേണിംഗ് ബോർഡ് അംഗമാണ് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ആ രാജ്യത്തിന്റെയും ലോകത്തിന്റെയും തന്നെ ഒരു നിർണ്ണായക ഘട്ടത്തിൽ സഭൈക്യ പ്രസ്ഥാനത്തിന്റെ സമുന്നത സ്ഥാനത്തേക്ക് വരുന്ന ബിഷപ്പ് മക്കെൻസിക്കു എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

ആരാധനാ പാരമ്പര്യങ്ങളിൽ ജൂലിയൻ കലണ്ടർ അനുഗമിക്കുന്ന യുക്രൈനിലെ ഓർത്തഡോക്സ് സഭ ഈസ്റ്റർ ആഘോഷിച്ചത് ഏപ്രിൽ 24 ഞായറാഴ്ചയാണ്. ഈസ്റ്റർ പ്രമാണിച്ചു യുദ്ധത്തിന് അവധി കൊടുക്കണമെന്ന് യു. എൻ ജനറൽ സെക്രട്ടറി അന്തോണിയോ ഗുട്ടെറസ് റഷ്യയോട് അഭ്യർത്ഥിച്ചു. കുരിശു വച്ച കുഴിമാടങ്ങളുടെ എണ്ണം ദിനംപ്രതി ഉയരുമ്പോൾ, ഇനി ഒരു വിടുതൽ സാധ്യമോ എന്ന് ജനം സംശയിക്കുമ്പോൾ, ഈസ്റ്ററിന്റെ പ്രസക്തി എന്ത് എന്ന് നാം ചിന്തിച്ചേക്കാം. യുദ്ധത്തിന്റെ പ്രത്യയശാസ്ത്രം വെറുപ്പിന്റേതാണ്. സാമ്പത്തിക, അധികാര താല്പര്യങ്ങളിലാണ് വെറുപ്പിന്റെ അടിത്തറ കെട്ടുപണി ചെയ്തിരിക്കുന്നത്. വംശീയതയുടെയും ദേശീയതയുടെയും പുറന്തോടിൽ വെറുപ്പിന്റെ രാഷ്ട്രീയം പ്രത്യക്ഷപ്പെടുമ്പോൾ അവയെ തിരിച്ചറിയുവാൻ നമുക്ക് സാധിക്കണം. യുദ്ധം സൃഷ്ടിക്കുന്ന പ്രതിസന്ധികൾ എല്ലാ രാജ്യങ്ങളെയും ബാധിക്കുന്നു. പാരസ്പരികതയാണ് ജീവിതം എന്ന സൂചന തന്നെയാണ് ഇവിടെ ദർശിക്കുന്നത്. യുക്രയിനിലെ ജനത ജീവനും മരണത്തിനും ഇടയിലുള്ള പ്രതിസന്ധിയിലാണെങ്കിൽ ജീവന്റെ നിലനിൽപ്പ് അസാധ്യമാക്കുന്ന മറ്റൊരു പ്രതിസന്ധിയിലേക്ക് മറ്റുരാജ്യങ്ങൾ വഴുതിവീഴുന്നു. യുദ്ധത്തിന്റെ പേരിൽ പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വില വർദ്ധിക്കുമ്പോൾ അത്യാവശ്യവസ്തുക്കളുടെ വിലവർദ്ധനവിൽ ജനം നട്ടം തിരിയുന്നു. ജി. എസ്. റ്റി. വർദ്ധനവിൽ നിന്നും പണപ്പെരുപ്പം സൃഷ്ടിക്കുന്ന പ്രതിസന്ധിയിൽ നിന്നും കരകയറുക അത്ര എളുപ്പമല്ല. ഇവിടെ സമാധാനത്തിന്റെ വക്താക്കളാകുവാനുള്ള വിളി ദൈവീകവിളിയായി നാം ഏറ്റെടുത്തേ മതിയാകൂ. വ്യതിരിക്തതകൾ ശക്തിപ്രാപിക്കുന്ന സമൂഹത്തിൽ സംവാദങ്ങളുടെ ഇടങ്ങളെ നമുക്ക് സൃഷ്ടിക്കാം. അന്യോന്യമുള്ള തിരിച്ചറിവുകളിലും ഉൾകൊള്ളലുകളിലുമാണ് ലോകത്തിന്റെ നിലനിൽപ്പെന്ന സത്യം നാം ഇനിയും മനസ്സിലാക്കിയേ മതിയാകൂ.

കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ ജനറൽ അസംബ്ലി മീറ്റിംഗ് ആലുവയിലുള്ള ശാന്തിഗിരിയിൽ വെച്ച് ഏപ്രിൽ മാസം 21 ന് നടന്നു. നമ്മുടെ സഭ ആതിഥ്യം അരുളിയ പ്രസ്തുത മീറ്റിംഗിൽ CCI യുടെ എക്സിക്യൂട്ടീവ് സെക്രട്ടറിയായി ഡോ. പ്രകാശ് പി. തോമസ് തെരെഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ അറിയിക്കുന്നു. സഭകളുടെ ഐക്യകൂട്ടായ്മകൾ ആത്മ പരിശോധനയ്ക്കും, പുതുക്കത്തിനും, കൂട്ടായ സാക്ഷ്യത്തിനും വേദിയാകേണ്ടിയിരിക്കുന്നു. ജൈവ ഒന്നാകലിനുമപ്പുറം വ്യത്യസ്ത സമൂഹങ്ങളുടെ കൂടിവരവിലൂടെ സാധ്യമാകേണ്ട സാക്ഷ്യത്തിന്റെ സ്വഭാവങ്ങളെക്കുറിച്ചുള്ള ചർച്ചകളും പദ്ധതികളുമാണ് ഇനി ആവിഷ്കരിക്കേണ്ടത്.

ഭൗമദിനമായ ഏപ്രിൽ 22 ന് തെള്ളിയൂർ കാർഡ് (KVK)യിൽ മാർത്തോമ്മാ സഭയുടെ എക്കോളജിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'ഭൂമിക്കായി ഉയിർത്തെഴുന്നേല്ക്കാം' എന്ന പേരിൽ ഒരു സെമിനാർ നടത്തുകയും പരിസ്ഥിതി ദർശന രേഖയും പെരുമാറ്റച്ചട്ടവും പുറത്തിറക്കുകയും ചെയ്തു. പരിസ്ഥിതി-നീതിക്കുതകുന്ന (eco-justice) സമൂഹമായി നാം മാറുമ്പോൾ മാത്രമെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളെ ചെറുക്കുവാൻ നമുക്ക് സാധിക്കുകയുള്ളു. മനുഷ്യനാണ് ഭൂമിയുടെ അവകാശി എന്ന ബോധം മാറണം. എല്ലാ സൃഷ്ടിയിലും അന്തർലീനമായിരിക്കുന്ന നന്മയെ തിരിച്ചറിഞ്ഞ്, കീഴടക്കാനുള്ള പരിശ്രമങ്ങളെ നിരസിക്കണം. ദർശനരേഖയും പെരുമാറ്റച്ചട്ടവും ജീവിത ശൈലിയാക്കി മാറ്റുമ്പോൾ മാത്രമെ വരും തലമുറയ്ക്കും പാർക്കാനുതകുന്ന ഒരു ഇടമായി ഈ ഭൂമിയെ പരിവർത്തിപ്പിക്കുവാൻ സാധിക്കു. നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും പരിസ്ഥിതി നയരേഖ നടപ്പിലാക്കുകയും എല്ലാ സഭാംഗങ്ങളും ഹരിത ജീവിതക്രമം പാലിക്കുവാൻ ശ്രമിക്കുകയും വേണം. എക്കോളജിക്കൽ കമ്മീഷന്റെ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു.

നമ്മുടെ നാട് കുട്ടികൾക്കും യുവജനങ്ങൾക്കും തീരെ പഥ്യമല്ലാത്ത ഇടമായി മാറിയിരിക്കുന്നുവോ എന്ന ചോദ്യം പലയിടങ്ങളിൽ നിന്നും ഉയരുന്നുണ്ട്. ഇത് നാമും ചോദിക്കേണ്ട ഗൗരവതരമായ ഒരു ചോദ്യമാണ്. പ്ലസ് ടു കഴിഞ്ഞാൽ ഉപരിപഠന സാധ്യത തേടി അമേരിക്ക, കാനഡ, യു. കെ., ന്യൂസിലാന്റ്, ജർമ്മനി, ആദിയായ രാജ്യങ്ങളിലേക്ക് നമ്മുടെ യുവജനങ്ങൾ ചേക്കേറുകയാണിപ്പോൾ. പലയിടങ്ങളിലും ഒറ്റപ്പെടുന്ന മാതാപിതാക്കളും അടച്ചിട്ട വീടുകളും വർദ്ധിക്കുന്നു. ഇപ്രകാരമുള്ള കുടിയേറ്റങ്ങൾക്ക് പറയപ്പെടുന്ന കാരണങ്ങൾ പലതാകാം. മുകളിൽ സൂചിപ്പിച്ച രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ നാട്ടിൽ ജീവിത സൗകര്യങ്ങളും, നിയമപരമായ സുരക്ഷയും, ജോലി സാധ്യതകളും കുറയുന്നു. അക്രമരാഷ്ട്രീയം, മലീമസമായ പരിസരങ്ങൾ, നിയമത്തെ അട്ടിമറിക്കുന്ന ബാഹ്യ ഇടപെടലുകൾ എന്നിവ ഇളം തലമുറയുടെ മനസ്സ് മടുപ്പിക്കുന്നുണ്ട്. യുവജനങ്ങൾ നാടു വിടുന്നത് ഭാവിയിൽ നമ്മുടെ ദേശത്തിന്റെ ബൗദ്ധിക വരൾച്ചയ്ക്ക് കാരണമാകാം. ഇതിനെ ഗൗരവമായിക്കണ്ട് ആരോഗ്യപരമായ

ജീവിത സാഹചര്യങ്ങളൊരുക്കുകയും നിയമങ്ങൾ പാലിക്കുന്നതിനും നടപ്പാക്കുന്നതിനും സംവിധാനങ്ങൾ സംശുദ്ധമാക്കുകയും വേണം. യുവജനങ്ങളുടെ കഴിവുകളെ കണ്ടെത്തി പുത്തൻ സാധ്യതകളൊരുക്കി അവർക്ക് അർഹിക്കുന്ന മാന്യത നല്കി അംഗീകരിക്കുന്നതിനും സഭയ്ക്കും സമൂഹത്തിനും സാധ്യമാകണം. ഇല്ലെങ്കിൽ സംജാതമാകുന്ന അരക്ഷിതാവസ്ഥ നമ്മുടെ നാടിന് തന്നെ ആപൽക്കരമാണ്.

ചുങ്കത്തറ മാർത്തോമ്മാ കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായി 7 വർഷം പ്രവർത്തിച്ച ഡോ. സി. ജെ. ജോൺ നിര്യാതനായി.കോളേജിന്റെ ആദ്യ വർഷങ്ങളിലെ പ്രതിസന്ധികൾ അതിജീവിച്ചു മാനേജർ അഭിവന്ദ്യ ഈശോ മാർ തിമൊഥെയോസ് തിരുമേനിയോടൊപ്പം ആ സ്ഥാപനം കെട്ടുപണി ചെയ്തതിൽ ജോൺ സാറിന് നിർണ്ണായകമായ ഒരു സ്ഥാനമുണ്ട്. സഭയുടെ ഉന്നത വിദ്യാഭ്യാസ മേഖലയിലും കാര്യമായ സംഭാവനകൾ നല്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാടിൽ സഭയുടെ അനുശോചനം സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു.

മെയ് മാസത്തിലെ ഞായറാഴ്ചകളിൽ പുനരുദ്ധാന ശക്തിയിൽ വിശ്വാസ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്ന വായനകളും ധ്യാനങ്ങളും ആണ് സഭ ക്രമീകരിച്ചിരിക്കുന്നത്. അദ്ധ്വാനവും ആരാധനയും വിശ്വാസയാത്രയിൽ സമന്വയിക്കേണ്ടത് സാക്ഷ്യത്തിന് അനിവാര്യമാണ് (വി. യോഹ. 21: 1–14). മെയ് മാസം ഒന്നാം ഞായർ മെയ് ദിനമാണ്. തൊഴിലിന്റെ മഹത്വത്തെ വിളംബരം ചെയ്യുന്ന ദിനമാണത്. അതോടൊപ്പം 'ഭൂ-ഭവനദാന പ്രസ്ഥാന ഞായർ' കൂടിയാണ് അന്ന്. അദ്ധ്വാനത്തെ അനുഗ്രഹമാക്കുന്ന ദൈവസാന്നിദ്ധ്യത്തെ ചൂണ്ടിക്കാണിക്കുന്ന വായനകൾ ക്രമീകരിച്ചിരിക്കുന്നു. ഗോതമ്പു ശത്രുക്കളുടെ കൈയിൽ പെട്ടുപോകാതിരിക്കാൻ അദ്ധ്വാനിക്കുന്ന ഗിദയോൻ, അദ്ധ്വാനത്തോടൊപ്പം സുവിശേഷവേല ചെയ്യുന്ന അകില-പ്രിസ്കില്ല ദമ്പതിമാർ, സ്വന്തം അഹോവൃത്തിക്കുവേണ്ടി അദ്ധ്വാനിക്കുന്ന അപ്പോസ്തലന്മാർ, അദ്ധ്വാനമേഖലയിൽ യഥാസ്ഥാനപ്പെടുത്തുന്നശ്ലീഹന്മാർ തുടങ്ങിയവർ നമ്മെ പ്രചോദിപ്പിക്കുന്നു. ദൈവബന്ധത്തിൽ അദ്ധ്വാനങ്ങളെ കാണുവാനും ജീവിതനിയോഗങ്ങൾ നിറവേറ്റുവാനും നമുക്ക് കഴിയേണ്ടതുണ്ട്.

മെയ് 8-ാം തീയതി 'ഉയിർപ്പിനു സാക്ഷ്യം വഹിക്കേണ്ട സഭ' (വി. യോഹ. 21: 15–25)എന്നതാണ് ചിന്താ വിഷയം. സഭ പുനരുദ്ധാന ശക്തിയിൽ ആണ് പുലരേണ്ടത്. അതിജീവനബലം സഭയ്ക്ക് അനുഭവം ആകുന്നത് യേശുവിന്റെ മരണത്തെ അതിജീവിച്ച ജീവൻ സഭയിൽ വ്യാപരിക്കുന്നതുകൊണ്ടാണ്. സകലത്തിലും ഉപരി ദൈവത്തെ സ്നേഹിക്കുന്നതുകൊണ്ടാണ് സഭയെ നാം സ്നേഹിക്കുന്നത്. വചനത്തോടുള്ള അനുസരണവും ദൈവിക വാഗ്ദത്തങ്ങളിലുള്ള വിശ്വാസവും ആണ് അതിജീവനത്തിന്റെ അടിസ്ഥാനം. മരണ ശക്തികളോടുള്ള തോറ്റുപോകാത്ത പോരാട്ടം ആണ് സഭയുടെ മുഖമുദ്ര.

മെയ് പതിനഞ്ചാം തീയതി ഞായറാഴ്ച 'ഉദ്ധിതനോടൊപ്പം ഉള്ള യാത്ര എന്ന ചിന്താവിഷയം' ആണ് ധ്യാനിക്കുന്നത്. ഉയിർത്തെഴുന്നേറ്റ കർത്താവ് എമ്മവുസ്സിലേക്ക് പോയ ശിഷ്യരോടൊപ്പം ചേർന്നു നടക്കുന്ന സംഭവവിവരണം ആണ് വി. ഏവൻഗേലിയോൻ (വി. ലൂക്കൊ. 24:13–25). ആശയക്കുഴപ്പത്തിൽ നിന്നു ബോധ്യങ്ങളിലേക്ക് നയിക്കുന്ന ദൈവമാണ് ഉയിർത്തെഴുന്നേറ്റവൻ. ദൈവിക സംവേദനങ്ങളോട് തുറവി കാണിക്കുമ്പോൾ, വിശുദ്ധമായ ജീവിതചര്യകളോടെ, ദൈവം ഒരുക്കുന്ന പൂർണ്ണതയുള്ള പരിണാമങ്ങളിലേക്ക് മുന്നേറുവാൻ ദൈവം സഹായിക്കും. അപ്രകാരമുള്ള ജീവിതങ്ങൾ ആണ് സഭയിൽ രൂപപ്പെടേണ്ടത്.

മെയ് ഇരുപത്തിരണ്ടാം തീയതി ദിവ്യസംഗീത ഞായർ ആയി വേർതിരിച്ചിരിക്കുന്നു. 'സ്തുതിക്കു യോഗ്യനായ കർത്താവ്' എന്നതാണ് ധ്യാനവിഷയം. വിശുദ്ധ കന്യകമറിയാമ്മിന്റെ സ്തോത്രഗീതമാണ് (വി. ലൂക്കൊ. 1:46–56) വി. ഏവൻഗേലിയോൻ. മറ്റ് വായനകൾ എല്ലാം തന്നെ സ്തോത്രഗീതങ്ങൾ ആണ്. ദൈവത്തിന്റെ രക്ഷണ്യ പ്രവർത്തികളെ ഈ ഗാനങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. ഈ രക്ഷാകരബോധ്യം ആണ് പ്രതിസന്ധികളുടെ മധ്യത്തിലും പാടുവാൻ പ്രോത്സാഹിപ്പിക്കുന്നത്. നമ്മുടെ ആരാധനഗീതങ്ങൾ വേദപുസ്തക സ്തോത്രഗീതങ്ങളുടെ ചുവടു പിടിച്ചാണ് രൂപപ്പെടുന്നത്. പൂർവ്വകാലത്തുള്ള ദൈവിക അനുഭവങ്ങൾ വർത്തമാനകാലത്തെ പ്രത്യാശയോടെ നേരിടുവാൻ സഹായിക്കും. അവയുടെ ഓർമ്മപ്പെടുത്തലുകൾ ആയി ആരാധനയിൽ ഗീതങ്ങൾ തീർന്നുവരണം.

മെയ് മാസത്തെ അവസാന ഞായറാഴ്ച 'ജാഗരിക്കേണ്ട സഭ' എന്നതാണ് ചിന്താവിഷയം (വി. യോഹ. 14:14–21). കർത്താവിന്റെ കല്പനകളെ കാത്ത്, അവനോടുള്ള സ്നേഹത്തിൽ നിലനിൽക്കുവാനുള്ള ജാഗരണം നമുക്കുണ്ടാകേണ്ടതുണ്ട്. അതു മാത്രമല്ല, ദൈവനാമത്തിലും സഭയുടെ പേരിലുമൊക്കെ ഉണ്ടാകുന്ന സഭാ വിരുദ്ധതകൾ പ്രതിരോധിക്കേണ്ടതും ആവശ്യമാണ്. അടിമ നുകത്തിൽ വീണ്ടും കുടുങ്ങിപോകാതിരിക്കേണ്ടതിനു ജാഗ്രത സൂക്ഷിക്കുവാൻ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ടല്ലോ (ഗലാ. 5:1). അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെകൃപ
നിങ്ങളേവരോടും കൂടെയിരിക്കട്ടെ •



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പൂലാത്തീൻ

26. 04. 2022